# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1674　　　　25-03-2013-ന് മറുപടി നൽകേണ്ടത്

**മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഡൽഹി സന്ദർശനം**

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | പാർലമെന്റിൽ റയിൽവേ ബഡ്ജറ്റും, ധനകാര്യ ബഡ്ജറ്റും അവതരിപ്പിച്ചതിന് ശേഷം, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും അടങ്ങിയ സംഘം, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നതിലേക്ക് കേന്ദ്ര മന്ത്രി മാരെ കാണുന്നതിനായി ഡൽഹിയിൽ പോയത് ഏത് തീയതിയിലാണ്; ഇതിനായി എത്ര ദിവസം ഡൽഹിയിൽ കഴിയേണ്ടിവന്നു; | (എ) | 2013 മാർച്ച് നാലാം തീയതി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദകസംഘം 04-03-2013-ന് ഡൽഹിയിൽ എത്തുകയും 05-03-2013-ന് മടങ്ങുകയും ചെയ്തു. |
| (ബി) | ഏതെങ്കിലും കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ ഉത്തരവ് ലഭിക്കുകയു ണ്ടായോ ? | (ബി) | 13-03-2013-ൽ നടത്തിയ റെയിൽവേ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രി കേരളത്തിന് പുതുതായി നാല് തീവണ്ടികൾ പ്രഖ്യാപിച്ചു. കൂടാതെ, റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രതിവാര തീവണ്ടികളായ കൊച്ചുവേളി-ലോകമാന്യതിലക് എക്സ്പ്രസ്സ്, കോഴിക്കോട്, പാലക്കാട് വഴിയുള്ള കാഞ്ചിഗുഡ-മംഗലാപുരം എന്നിവ ആഴ്ചയിൽ രണ്ടു തവണ യാക്കിയും തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ദി കണ്ണൂർവരെയും, കോഴിക്കോട്-ഷൊർണ്ണൂർ പാസഞ്ചർ തൃശൂർവരെയും നീട്ടി ക്കൊണ്ട് റെയിൽവേ മന്ത്രി പ്രഖ്യാപനം നടത്തു കയുണ്ടായി. മറ്റ് ആവശ്യങ്ങൾക്ക് അനുഭാവ പൂർണ്ണമായ സമീപനം ഉറപ്പുവരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**